തവണകളായി ഏപ്രിൽ മാസം മുതൽ ജനുവരി മാസം വരെ. തവണ തുക നിശ്ചിത തീയതിയിൽ അടച്ചിട്ടില്ല.

(ഇ) 1974 ലെ അബ്കാരി ലേല വില്പനചട്ടം 6(28) പ്രകാരം ടി ഷാപ്പുകളുടെ ലൈസൻസ് എക്സൈസ് കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് ക്യാൻസൽ ചെയ്യാം. കൂടാതെ കുടിശ്ശിക തുക സെക്യൂരിറ്റിയിൽനിന്ന് അഡ്ജസ്റ്റ് ചെയ്ത് ടി തുക തിരികെ സെക്യൂരിറ്റിയിൽ അടയ്ക്കുന്നതിന് നോട്ടീസ് നൽകി നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം തുക തിരികെ അടച്ചില്ലെങ്കിൽ എക്സൈസ് കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണ്.

(എഫ്)ഉണ്ട്.

(ജി) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറിൽ

(എച്ച്) നിയമപരമായ നടപടികൾ യഥാസമയത്ത് സ്വീകരിച്ചിട്ടുണ്ട്.

(ഐ) ലൈസൻസ് റദ്ദ് ചെയ്യാൻ വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടിട്ടുണ്ട്.

(ജെ) 1.11.2000 ൽ എക്സൈസ് കമ്മീഷണർക്ക് വിവരം ലഭിച്ചു. 16.11.2000, 24.11.2000 എന്നീ തീയതികളിൽ സർക്കാരിന് വിവരം ലഭിച്ചു.

(കെ) സർക്കാരിന് വിവരം ലഭിച്ചാലുടൻ പ്രസ്തുത ഷാപ്പുകൾ 30.11.2000 ന് പുനർലേലം നടത്താനും അതുവരെ ഷാപ്പുകൾ ഡിപ്പാർട്ടുമെന്റ് മാനേജ്മെന്റിൽ നടത്താനും തീരുമാനിച്ചു.

കള്ളു ഷാപ്പുകളുടെ ലേലത്തുക

72 (406) ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും കള്ളുഷാപ്പു കളുടെ ലേലത്തുക എത്രവീതമായിരുന്നു;

(ബി) ഇതിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക എത്രയാണ്;

(സി) ഇതിൽ ഇക്കഴിഞ്ഞ പത്ത് വർഷത്തിലെ ഓരോ വർഷത്തെയും കുടിശ്ശികയും പലിശയും പിഴപ്പലിശയും എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കഴിഞ്ഞ പത്തുവർഷത്തിൽ ഓരോ വർഷവും കള്ളുഷാപ്പ് കോൺട്രാക്ടർമാർക്ക് ഇളവ് നൽകിയ തുക എത്രവീതമെന്ന് വെളിപ്പെടു ത്തുമോ?

ഉത്തരം

(എ)	1991-92	6,54,66,460
	1992-93	9,83,80,009
	1993-94	10,04,04,010
	1994-95	15,47,04,882
	1995-96	22,51,18,212
	1996-97	57,22,43,450

LIBRARY ARCHIVES Kerala Legislative Assembly

1997-98	124,78,57,663
1998-99	83,37,39,563
1999-2000	124,25,28,394
2000-01	146,44,07,079

(ബി)&(ഡി) വിവരം ശേഖരിച്ചുവരുന്നു.

എക്സൈസ് വകുപ്പിലെ ഗസറ്റഡ് ഓഫീസർക്കെതിരെ നടപടി

73 (407) ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഗസറ്റഡ് ഓഫീസർമാർക്കെതിരായി അച്ചടക്ക നടപടികൾ എടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെന്റിലേയ്ക്ക് ഫയൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഇവയിൽ ഒരാളിന്റെ പേരിൽതന്നെ ഒന്നിലധികം അച്ചടക്ക നടപടി നിർദ്ദേശിക്കുന്ന എത്ര ഫയലുകളുണ്ട്;

(സി) ഒരാളിന്റെ പേരിൽതന്നെ അഞ്ചോ അതിലധികമോ കാര്യങ്ങളെക്കുറിച്ചുള്ള അച്ചടക്ക നടപടി നിർദ്ദേശിക്കുന്ന എത്ര ഫയലുകളുണ്ട്;

(ഡി) എക്സൈസ് വകുപ്പിലെ ഗസറ്റഡ് ഓഫീസർക്കെതിരെ നടപടി നിർദ്ദേശിക്കുന്ന ഫയലുകളിൽ തീരുമാനം എടുക്കാത്തതിനുള്ള കാരണമെന്താണ്;

(ഇ) എക്സൈസ് വകുപ്പിൽനിന്ന് അച്ചടക്ക നടപടികൾ നിർദ്ദേശിച്ചുകൊണ്ട് ഗവൺമെന്റിലേക്ക് അയച്ചിട്ടുള്ള ഫയലുകളിൽ എന്തു തുകയ്ക്കുള്ള ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായാണ് ആരോപണമുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവയിൽ രണ്ടുപേർക്കെതിരെ ഒന്നിലധികം അച്ചടക്ക നടപടികൾ നിർദ്ദേശിക്കുന്നുണ്ട്. ഒരാളിന്റെ പേരിൽ 6 ഫയലുകളും മറ്റേ ആളിന്റെ പേരിൽ 2 ഫയലുകളും ഉണ്ട്.

(സി) ഒരാൾക്ക് എതിരേ തന്നെ നടപടി നിർദ്ദേശിക്കുന്ന ആറു ഫയലുകളുണ്ട്.

(ഡി) നടപടി ആവശ്യമായ എല്ലാ ഫയലുകളിലും പരിശോധിച്ച് തീരുമാനം എടുക്കുന്നുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കള്ളുഷാപ്പ് ലേലത്തുക

74 (408) ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly